പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് ഹൗസിംഗ് ബോർഡ് പദ്ധതി

273 (613) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിന് ഹൗസിംഗ് ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; പദ്ധതി പ്രകാരം അപേക്ഷ ക്ഷണിക്കുകയുണ്ടായിട്ടുണ്ടോ ; ലഭിച്ച അപേക്ഷകൾ എത്ര ; എത്ര പേർക്ക് വായ്പ ലഭ്യമാക്കുകയുണ്ടായി ;

(സി) തന്നാണ്ടിൽ എത്ര ലക്ഷം ഭവന രഹിതർക്ക് ഈ പദ്ധതി വഴി ഫണ്ട് ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ട് ; ഭവന നിർമ്മാണ ബോർഡ് ഇതിലേക്ക് പണം സ്വരൂപിച്ചത് ഏതെല്ലാം നിലയിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ലോകപാർപ്പിടദിനത്തോടനുബന്ധിച്ച് ഭവന വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനത്തിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശക്ക് വായ്പ നൽകുന്നതിനായി "സൗഭാഗ്യ ഭവന പദ്ധതി" സംബന്ധിച്ച പ്രൊപ്പോസൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ഇതിന്മേൽ സർക്കാർ തീരുമാനമായിട്ടില്ല.

മിഷൻ 676 പദ്ധതികൾ

274 (614) ശ്രീ. വി. ടി. ബൽറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും, ആസൂത്രണവും, സാംസ്കാരികവും, നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676 -ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട് എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏല്ലാവർക്കും വീട്

a. ഭവന രഹിതരായ 2000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വകുപ്പ് മുഖേന പുതിയ വീട് നിർമ്മിക്കുന്ന പദ്ധതി.

b. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള സർവ്വേയിൽ കണ്ടെത്തിയ ഭവന ഗുണഭോക്താക്കളിൽ, ഇനിയും ഭവനങ്ങൾ പൂർത്തീകരിക്കാത്ത 35216 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം.

(സി) പഞ്ചായത്ത് തലത്തിൽ പദ്ധതിയെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായുള്ള ചർച്ചകളും മീറ്റിംഗുകളും നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 1. എസ്.റ്റി വകുപ്പ് മുഖേന നടപ്പിലാക്കുന്ന, പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് ഊരുകൂട്ടം മുഖേന തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബന്ധപ്പെട്ട ടൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

2. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ 31-10-2014 വരെ 8045 ഗുണഭോക്താക്കൾക്ക് വീട് പണിപൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly